(സി) ഉണ്ടെങ്കിൽ ഏതെല്ലാം വകുപ്പുകളനുസരിച്ചാണ് കേസ്സ് എടുത്തിട്ടുള്ളത്;

(ഡി) ഈ കേസ്സിലെ പ്രതികൾ ആരൊക്കെയാണ്;

(ഇ) ആരെയെങ്കിലും അറസ്റ്റ് ചെയ്തിട്ടുണ്ടോ;

(എഫ്) ഇത് സംബന്ധിച്ച് ഏതെങ്കിലും വാഹനം പിടിച്ചെടുത്തിട്ടുണ്ടോ;

(ജി) ഉണ്ടെങ്കിൽ ഏത് വാഹനം എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) കാസർഗോഡ് റെയിഞ്ചിൽ ഒ. ആർ 16/99 നമ്പറായി കേസ്സ് രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(സി) കേരള വനഭേദഗതി നിയമം 1993-ലെ സെക്ഷൻ 27 (1ഇ), (4), (5) പ്രകാരവും 1972-ലെ വന്യജീവി നിയമം സെക്ഷൻ 9, 39, 61 പ്രകാരവുമാണ് കേസ്സ് എടുത്തിട്ടുള്ളത്.

(ഡി) ഈ കേസ്സിലെ പ്രതികൾ താഴെപറയുന്നവരാണ്.

(1) കാസർഗോഡ് താലൂക്കിൽ ബേഡഡുക്ക വില്ലേജിൽ കണ്ടൂട്ടിൽ താമസിക്കുന്ന കണ്ടൻ നായർ മകൻ ഒളിയക്കര നാരായണൻ നായർ.

(2) ടി. താലൂക്കിൽ മൂളിയാർ വില്ലേജിൽ വിട്ടിയടക്കം താമസിക്കും വെളുത്തൻ മകൻ വിനോദ് എച്ച്.

(3) ടി. താലൂക്കിൽ ബേഡഡുക്ക വില്ലേജിൽ പൂലിയൻകുന്ന് കടയ്ക്കകം താമസിക്കും പാല മകൻ ബാലകൃഷ്ണൻ.

(4) ടി. താലൂക്കിൽ ടി. വില്ലേജിൽ കുമ്പുകുച്ചി താമസിക്കും മാണിക്കൻ മകൻ ബീരൻ.

(ഇ) നാല് പ്രതികളേയും അറസ്റ്റ് ചെയ്തിട്ടുണ്ട്.

(എഫ്)&(ജി) വാഹനം ഒന്നും പിടിച്ചെടുത്തിട്ടില്ല.

54 (2614) കാട്ടാനയുടെ ആക്രമണത്തിൽ മരിച്ചവർക്ക് നഷ്ട പരിഹാരം

ശ്രീ. ജി. കാർത്തികേയൻ : താഴെകാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 25.11.94-ൽ കാട്ടാനയുടെ ആക്രമണംമൂലം മരിച്ചുപോയ ആര്യനാട് വില്ലേജിൽ മേക്കുംകര വീട്ടിൽ പൗലോസിന്റെ അവകാശികൾക്ക് തിരുവനന്തപുരം ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറുടെ 22.3.97-ലെ എഫ്.3043/95-ാം നമ്പർ ഉത്തരവിലൂടെ അനുവദിച്ച പതിനായിരം രൂപയുടെ ധനസഹായം വിതരണം ചെയ്തിട്ടുണ്ടോ; എങ്കിൽ എന്ന് വിതരണം ചെയ്തുവെന്ന് വ്യക്തമാക്കുമോ;

(ബി) ഇല്ലെങ്കിൽ ഇതിൻമേലുള്ള കാലതാമസത്തിന് ഉത്തരവാദികളായ ഉദ്യോഗസ്ഥൻമാർക്കെതിരെ നടപടി സ്വീകരിക്കുമോ;

(സി) ധനസഹായങ്ങൾ വിതരണം ചെയ്യുന്നതിൽ കാലതാമസമുണ്ടാകാതിരിക്കുന്നതിന് കർശന നടപടികൾ സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) തുക വിതരണം ചെയ്യാൻ കഴിഞ്ഞിട്ടില്ല. ഫണ്ടിന്റെ ലഭ്യത അനുസരിച്ച് വിതരണം ചെയ്യുന്നതാണ്.

(ബി) ഫണ്ട് ലഭ്യമാവാത്തതിനാലാണ് തുക നൽകാതിരുന്നത്. ഉദ്യോഗസ്ഥൻമാരുടെ വീഴ്ചയല്ല.

(സി) ആവശ്യാനുസരണം ഫണ്ട് ലഭ്യമായാൽ കാലതാമസം ഉണ്ടാകാതെ ധനസഹായം വിതരണം ചെയ്യുവാൻ സാധിക്കും. ഈ വർഷം ഫണ്ട് അനുവദിച്ചു നൽകിയിട്ടുണ്ട്. ലറ്റർ ഓഫ് ക്രെഡിറ്റ് ലഭിക്കുന്ന മുറക്ക് തുക വിതരണം ചെയ്യുന്നതാണ്.

55 (2615) പുതിയ ഡിപ്പോകൾ

ശ്രീ. പി.കെ.കെ. ബാവ :
ശ്രീ. കെ.പി.എ. മജീദ് :
ശ്രീ. പി.കെ. അബ്ദുറബ്ബ് :
ശ്രീ. സി. മൊയിൻകുട്ടി :
ശ്രീ. ഇ.ടി. മുഹമ്മദ് ബഷീർ : താഴെകാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് 1998-99 വർഷത്തിൽ പുതിയതായി കെ.എസ്. ആർ.ടി.സി. സബ് ഡിപ്പോകളും ഓപ്പറേറ്റിംഗ് സെന്ററുകളും സ്റ്റേഷൻമാസ്റ്റർ ഓഫീസുകളും ആരംഭിക്കുകയുണ്ടായോ;

(ബി) എങ്കിൽ എവിടെയെല്ലാം;

(സി) സംസ്ഥാനത്ത് പൂട്ടികിടക്കുന്ന ഡിപ്പോകൾ ഏതെങ്കിലും ഈ കാലയളവിൽ തുറന്നു പ്രവർത്തിപ്പിക്കുവാൻ സാധിച്ചിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ എവിടെയെല്ലാം?

ഉത്തരം

(എ) 1998-99 കാലയളവിൽ സംസ്ഥാനത്ത് 5 സബ് ഡിപ്പോകൾ ആരംഭിച്ചിട്ടുണ്ട്.

(ബി)

1. കണിയാപുരം
2. എടത്വാ
3. തൊട്ടിൽപാലം
4. എരുമേലി
5. മല്ലപ്പള്ളി എന്നീ സ്ഥലങ്ങളിൽ

(സി) ഇക്കാലയളവിൽ കെ.എസ്.ആർ.ടി.സി. ഡിപ്പോകൾ ഒന്നും തന്നെ പൂട്ടികിടന്നിട്ടില്ല.

(ഡി) ചോദ്യം ഉദിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly